# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

**ഉദ്യോഗസംവരണത്തിലും വിദ്യാർത്ഥി പ്രവേശന സംവരണത്തിനും മേൽത്തട്ടു വ്യവസ്ഥ നടപ്പിലാക്കൽ**

T5773 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ
,, മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 8.9.1993-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിൽ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡമനുസരിച്ച് സംസ്ഥാന സർക്കാരിന്റെ വകുപ്പുകളിലെ ഉദ്യോഗസംവരണത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥി പ്രവേശന സംവരണത്തിലും മേൽത്തട്ടുവ്യവസ്ഥ നടപ്പിലാക്കി കഴിഞ്ഞോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ;

(സി) മേൽത്തട്ടു വ്യവസ്ഥ നടപ്പിലാക്കുമ്പോൾ വരുമാന പരിധിയിൽ കർഷകരുടെ കാർഷിക വരുമാനവും സർവ്വീസ് കാറ്റഗറിയിലുള്ളവരുടെ തൊഴിൽ വരുമാനവും ഉൾപ്പെടുത്താൻ പാടില്ലെന്ന 8.9.93 ലെ കേന്ദ്ര സർക്കാർ മെമ്മോറാണ്ടത്തിലെ വ്യവസ്ഥ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന്റെ കാര്യത്തിൽ നടപ്പിലാക്കിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനു പരിഹാരം കാണാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ ഒരു കോൺഫറൻസ് വിളിച്ച് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിൽ മേൽത്തട്ടുവ്യവസ്ഥ നടപ്പിലാക്കണമെന്ന കേരള ഹൈക്കോടതി വിധി</u>

T5774 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു. റ്റി. തോമസ്
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വി.വി. ഹംസ കേസിൽ കേരളത്തിലെ മെഡിക്കൽ എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന്റെ കാര്യത്തിൽ 2014-2015 അക്കാഡമിക് വർഷം മുതൽ 08.09.93 -ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം അനുസരിച്ചുള്ള മേൽത്തട്ടുവ്യവസ്ഥ നടപ്പിലാക്കണമെന്ന കേരള ഹൈക്കോടതി വിധി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആ വിധി നടപ്പിലാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) 12.12.2013 മുതൽ ആറു മാസത്തേയ്ക്ക് പ്രസ്തുത മേൽത്തട്ടു വ്യവസ്ഥ നടപ്പിലാക്കുന്നത് നീട്ടി വയ്ക്കാൻ സർക്കാർ ഹൈക്കോടതിയിൽ ഇന്റർ ലൊകൃൂട്ടറി ആപ്ലിക്കേഷൻ (ഐ.എ) ഫയൽ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഐ.എ ഫയൽ ചെയ്യുന്നതിനുള്ള തീരുമാനം സർക്കാരിന്റെ ഏതു തലത്തിൽ ആരാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) കേന്ദ്രസർക്കാർ 1993-ൽ പുറപ്പെടുവിച്ച മേൽത്തട്ടു വ്യവസ്ഥയുടെ ഗുണം 2014-2015 അദ്ധ്യയനവർഷത്തിലും പിന്നോക്കവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ലെന്നത് കണക്കിലെടുത്ത് അതിൽപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജ്</u>

5775 ശ്രീ. വി. പി. സജീന്ദ്രൻ
'' ഐ. സി. ബാലകൃഷ്ണൻ
'' കെ. മുരളീധരൻ
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ മെഡിക്കൽ കോളേജ് തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) പുതിയ മെഡിക്കൽ കോളേജിലേക്കുള്ള പ്രവേശനം എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പട്ടിക വിഭാഗക്കാർക്കായി എത്ര സീറ്റുകളാണ് ഇവിടെ ലഭ്യമാക്കുക എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>അഡ്വക്കേറ്റ് ഗ്രാന്റ്</u>

5776 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
'' എം. എ. വാഹീദ്
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് ജുഡീഷ്യറിയിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഡ്വക്കേറ്റ് ഗ്രാന്റ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

**പട്ടികജാതിക്കാരായ കർഷകത്തൊഴിലാലികൾക്ക് കൃഷി ഭൂമി, വീടുവയ്ക്കാൻ ഭൂമി എന്നിവയ്ക്ക് സഹായം നൽകുന്ന പദ്ധതി**

5777 ശ്രീ. കെ.എൻ.എ. ഖാദർ
,, പി. കെ. ബഷീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരായ കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമി, വീടുവയ്ക്കാൻ ഭൂമി എന്നിവയ്ക്ക് സഹായം നൽകുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വീടുവയ്ക്കാൻ ഭൂമി വാങ്ങി നൽകിയവർക്ക് ആ ഭൂമിയിൽ ഭവനനിർമ്മാണം നടത്താനുള്ള പദ്ധതിയുടെ വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

ഭൂമി, വീട് എന്നിവയ്ക്കുള്ള ധനസഹായം

5778 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ പാവപ്പെട്ടവർക്ക് നൽകി വരുന്ന ഭൂമി, വീട് എന്നിവയ്ക്കുള്ള ധനസഹായം അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലോചിതമായി അവ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത് ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>വിഭിന്നശേഷിയുള്ളവാർക്ക് സ്ക്കൂട്ടർ വാങ്ങുവാൻ ധനസഹായം</u>

5779 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഭിന്നശേഷിയുള്ള പട്ടികജാതിക്കാർക്ക് സ്ക്കൂട്ടർ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതിവഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വികസനത്തിനായി പദ്ധതികൾ</u>

5780 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011-12, 2012-13, 2014-15 എന്നീ വർഷങ്ങളിലെ ബജറ്റിൽ പട്ടികജാതി വികസനത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കാൻ ഓരോവർഷവും ചെലവാക്കിയ തുക പദ്ധതി തിരിച്ച് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ?

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

<u>എയിഡഡ് സ്കൂളുകളിലും കോളേജുകളിലും</u>
<u>പട്ടികജാതിക്കാരായ അദ്ധ്യാപക–അനദ്ധ്യാപക ജീവനക്കാർ</u>

5781 ശ്രീ. എ. കെ. ബാലൻ
,, പുരുഷൻ കടലുണ്ടി
,, ബി. സത്യൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നേരിട്ട് ശമ്പളം നൽകുന്ന എയിഡഡ് സ്കൂളുകളിലും കോളേജുകളിലും പട്ടികജാതിക്കാരായ അദ്ധ്യാപക–അനദ്ധ്യാപക ജീവനക്കാർ എത്ര ശതമാനമാണുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ;

(സി) എയിഡഡ് മേഖലയിലും സ്വകാര്യമേഖലയിലും സംവരണം അനുവദിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>തൊഴിൽ പരിശീലന</u>
<u>പരിപാടിയിലെ ക്രമക്കേട്</u>

5782 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും**
**വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്കുള്ള തൊഴിൽ പരിശീലന പരിപാടിയിൽ വ്യാപകമായ ക്രമക്കേട് നടന്നതായി ലോക്കൽ ഫണ്ടിന്റെ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ ഏതെല്ലാം ജില്ലകളിലാണ് ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സ്വകാര്യ സ്ഥാപനങ്ങളും, ഉദ്യോഗസ്ഥരും ചേർന്ന് വ്യാജ പരിശീലന രേഖകളുണ്ടാക്കി തട്ടിപ്പ് നടത്തിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) വ്യാജപരിശീലന രേഖയുണ്ടാക്കി പണം തട്ടിയതിന്റെ പേരിൽ ഏതെങ്കിലും സ്ഥാപനത്തിന്റെയോ ഉദ്യോഗസ്ഥരുടെയോ പേരിൽ നടപടിയെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

വായ്പാ കുടിശ്ശിക

5783 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതി വിഭാഗങ്ങൾ എടുത്തിട്ടുള്ള വായ്പാ കുടശ്ശിക എഴുതിത്തള്ളുന്ന പദ്ധതിപ്രകാരം പരമാവധി എത്ര രൂപയുടെ ആനുകൂല്യമാണ് ഇപ്പോൾ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം വർദ്ധിപ്പിച്ച തുകയുടെ ആനുകൂല്യം എന്ന് മുതലാണ് ലഭിക്കുന്നതെന്നും വർദ്ധിപ്പിച്ച തുക പ്രകാരം എത്ര രൂപയുടെ ആനുകൂല്യം ഇതിനകം വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; തുയയും അനുകൂല്യം ലഭിച്ചവരുടെ എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ വന്നതിന് ശേഷം വർദ്ധിപ്പിച്ച ആനുകൂല്യം ഉൾപ്പെടെ ഈ പദ്ധതിക്കായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര തുക നീക്കി വച്ചുവെന്നും ഇതിനു ഓരോ വർഷവും എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര പേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**

02.07.2014-ലെ മറുപടിക്ക്

<u>വിദേശ സര്‍വ്വകലാശാലകളിലെ പഠനത്തിന് സ്കോളര്‍ഷിപ്പ്</u>

5784 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
'' വി. പി. സജീന്ദ്രന്‍
'' തേറമ്പില്‍ രാമകൃഷ്ണന്‍
'' കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സമര്‍ത്ഥരായ പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്ക് പ്രശസ്ത വിദേശ സര്‍വ്വകലാശാലകളില്‍ പഠനത്തിന് സ്കോളര്‍ഷിപ്പ് നല്‍കുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി നല്‍കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തില്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

**ഉന്നതവിദ്യാഭ്യാസത്തിന് അർഹതനേടിയ പട്ടികജാതി വിഭാഗക്കാർ**

5785 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ മെഡിക്കൽ/എഞ്ചിനീയറിംങ്/ഐ.ഐ.ടി/എൻ.ഐ.ഐ.ടി/ സിവിൽ സർവ്വീസസ് എന്നീ പരീക്ഷകളിൽ പട്ടികജാതി വിഭാഗത്തിൽപെട്ട എത്ര കുട്ടികൾ അർഹത നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ വിഭാഗത്തിലുംപെട്ട കുട്ടികളുടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇത്തരം പരീക്ഷകളിൽ വിജയിക്കുന്നതിനായി ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവന്നിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

<u>പട്ടികജാതി പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാനസൗകര്യങ്ങളുടെ കുറവ്</u>

5786 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പട്ടികജാതി പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

5787 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന പുതിയതായി എത്ര എം.ആർ.എസ്.കൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ എം.ആർ.എസ്.കൾ ഈ ഭരണകാലത്തു തന്നെ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയ പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പുതിയതായി ആരംഭിച്ച ഇത്തരം സ്ഥാപനങ്ങളിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയതായി എത്ര തസ്തികകൾ പട്ടികജാതി ക്ഷേമ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>വാത്സല്യനിധി പദ്ധതി</u>

5788 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാത്സല്യനിധി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പദ്ധതി ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുവാൻ സമർപ്പിക്കേണ്ട അപേക്ഷ സംബന്ധിച്ചും മറ്റുള്ള നടപടിക്രമങ്ങളെക്കുറിച്ചും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ എന്നു മുതൽ സ്വീകരിക്കുമെന്നും അപേക്ഷ സ്വീകരിച്ച് എത്ര സമയത്തിനകം ആനുകൂല്യങ്ങൾ ഗുണഭോക്താവിന് ലഭ്യമാക്കുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം</u>

5789 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിച്ച് തുക അനുവദിച്ചവർക്ക് തിരുവനന്തപുരം ജില്ലാ പട്ടികജാതി ക്ഷേമവകുപ്പ് ഓഫീസിൽനിന്നും അത് സംബന്ധിച്ചുള്ള അറിയിപ്പ് നൽകുന്നതിൽ വീഴ്ച വരുത്തുന്നുവെന്നും കാലതാമസം ഉണ്ടാകുന്നുവെന്നുള്ളതുമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

‘മിഷൻ 676’ ൽ ഉൾപ്പെടുത്തി പട്ടികജാതി വകുപ്പിനു കീഴിൽ ഉള്ള പദ്ധതികൾ

5790 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ‘മിഷൻ 676’ ൽ ഉൾപ്പെടുത്തി പട്ടികജാതി വകുപ്പിനു കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

പട്ടികജാതി വികസന ഓഫീസുകളിലെ തസ്തികകൾ

5791 ഡോ കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളുടെ ജനസംഖ്യാ കണക്കനുസരിച്ച് ജനസംഖ്യകുറഞ്ഞ പട്ടികജാതി വികസന ബ്ലോക്ക് ഓഫീസുകളിലെ ഏതെങ്കിലും തസ്തികകൾ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ബ്ലോക്ക് പഞ്ചായത്തുകളിലെ പട്ടികജാതി വികസന ഓഫീസുകളിൽ നിന്നും ഏതെല്ലാം തസ്തികകളാണ് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത പട്ടികജാതി കോളനികൾ</u>

5792 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി കോളനികൾ സ്ഥാപിക്കുന്നതിന് 2013-2014 -ൽ എത്ര തുകയാണ് നീക്കിവച്ചത്;

(ബി) ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം പട്ടികജാതി കോളനികളാണ് പദ്ധതിക്കായി തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ;

(സി) സ്വയംപര്യാപ്ത പട്ടികജാതി കോളനികൾ സ്ഥാപിക്കുന്നതിന് 2014-2015-ൽ എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി പട്ടികജാതി കോളനികൾ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) 2014-2015-ൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പട്ടികജാതി കോളനികൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതി</u>

5793 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ 'സ്വയം പര്യാപ്ത ഗ്രാമങ്ങൾ' പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ വിഭാവനം ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മേൽ പദ്ധതിയനുസരിച്ച് 2012-13 വർഷത്തെ സ്വയം പര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശേരി മണ്ഡലത്തിലെ ഏഴിലോട് കോളനിയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്നും ഇതുവരെ എത്ര രൂപ വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് മുഖേന നടത്തുന്ന ഈ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതി</u>

5794 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതി പ്രകാരം കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഏതെല്ലാം കോളനികളാണ് തെരഞ്ഞെടുത്തതെന്നും, ഈ കോളനികളിൽ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നും വിശദമാക്കാമോ;

(ബി) ഇതിനായി എത്ര രൂപയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) അനുവദിച്ചതിൽ അധികം തുക ആവശ്യമായി വരുന്ന പക്ഷം അധികതുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>'സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ'</u>

5795 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 'സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളനികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളെയാണ് ഓരോ കോളനികളിലും പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം കോളനികളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>വൈപ്പിന്‍ മണ്ഡലത്തിലെ സ്വയംപര്യാപ്ത പട്ടികജാതി കോളനികള്‍</u>

5796 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതി പ്രകാരം പ്രവൃത്തി നടപ്പാക്കുന്നതിന് വൈപ്പിന്‍ മണ്ഡലത്തില്‍ നിന്നും നിര്‍ദ്ദേശിച്ചിരുന്ന പട്ടികജാതി കോളനികള്‍ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളില്‍ നടത്തിവരുന്ന പ്രവൃത്തികള്‍ ഏതൊക്കെയെന്നും ഗുണഭോക്താക്കള്‍ എത്രയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികള്‍ എന്നത്തേക്ക് പൂര്‍ത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതിക്കാർ</u>

5797 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ഭവനരഹിതരായ പട്ടികജാതിക്കാർ എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഇവർക്ക് ഭവനനിർമ്മാണം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഭവനരഹിതർ</u>

5798 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ഭവനരഹിതരായ പട്ടിക ജാതിക്കാർ എത്രയാണെന്നത് സംബന്ധിച്ച് വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) ഇവർക്ക് വീട് വെച്ചു നൽകുന്നതിന് സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; നാളിതുവരെ എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

**<u>മാവേലിക്കര മണ്ഡലത്തിൽ വികസന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത കോളനികൾ</u>**

5799 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വികസന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത കോളനികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ കോളനികളുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) കോളനികളുടെ പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഏജൻസികളെ ചുമതലപ്പെടുത്തുന്നതിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

**ആലപ്പുഴ ജില്ലയിലെ പട്ടികജാതിക്കാർക്ക് ചികിത്സാ ധനസഹായ വിതരണത്തിലെ കാലതാമസം**

5800 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവരിൽ എത്രപേർക്ക് ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കായംകുളം മണ്ഡലത്തിൽ തുക അനുവദിച്ചിട്ടും ചികിത്സാ സഹായം ഇനിയും ലഭിക്കാത്ത എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ചികിത്സാ ധനസഹായ വിതരണത്തിനുള്ള കാലതാമസം ഒഴിവാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ഹരിജന്‍ കോളനികളുടെ നവീകരണം</u>

5801

ശ്രീ. ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നെയ്യാറ്റിന്‍കര നിയോജക മണ്ഡലത്തില്‍ ഹരിജന്‍ കോളനികളില്‍ ഒരു കോടി രൂപയുടെ നവീകരണത്തിനായി ഏതെല്ലാം കോളനികളെയാണ് തെരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കാമോ;

(ബി) കുളത്തൂര്‍ പഞ്ചായത്തിലെ തോണിക്കടവ്, ചെങ്കല്‍ പഞ്ചായത്തിലെ അലത്തറവിളാകം എന്നീ കോളനികളെ പ്രസ്തുത ലിസ്റ്റില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത പ്രവൃത്തിയ്ക്കായി ഏത് ഏജന്‍സിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) എന്നാണ് പ്രസ്തുത പ്രവൃത്തികള്‍ ആരംഭിച്ചതെന്നും, ആരംഭിച്ചിട്ടില്ലായെങ്കില്‍ അതിനുള്ള കാരണവും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പുലിപ്പാറക്കുന്ന് നാല്സെന്റ് കോളനിയിലെ പട്ടികജാതി വിഭാഗക്കാരായ കൈവശക്കാർക്ക് പട്ടയം</u>

5802 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര പഞ്ചായത്തിലെ പുലിപ്പാറക്കുന്ന് നാല്സെന്റ് കോളനിയിലെ പട്ടിക ജാതി വിഭാഗക്കാരായ ഇപ്പോഴത്തെ കൈവശക്കാർക്ക് പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ഇവർക്ക് ഉടൻ പട്ടയം വിതരണം ചെയ്യുന്നതിനുള്ള അടിയന്ത നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>പെരുവ ക്രാഫ്റ്റ് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് വിതരണം</u>

5803 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ പെരുവ കേന്ദ്രമായി പ്രവർത്തിക്കുന്ന വി. ജി. ഗേൾസ് ടെയിലറിംഗ് & ക്രാഫ്റ്റ് സ്കൂളിലെ കുട്ടികളുടെ സ്റ്റൈപന്റ് വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇക്കാര്യം സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ ഡയറക്ടറേറ്റിലെ ഫയൽ നമ്പർ 6470/2012- മേൽ തീരുമാനം കൈക്കൊള്ളുന്നതിലുള്ള തടസ്സം വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് സ്റ്റൈപന്റ് നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>പട്ടികജാതി - പിന്നോക്കസമുദായക്കാരുൾപ്പെട്ട മിശ്ര വിവാഹിത ദമ്പതികൾക്ക് സഹായം</u>

5804 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിത ദമ്പതികൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾ വഴി എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) മിശ്രവിവാഹിതരാകുന്ന ദമ്പതികളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും, വീടടക്കമുള്ള ഭൗതിക സാഹചര്യങ്ങൾ ഉറപ്പു വരുത്തുന്നതിനും എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇവരെ സഹായിക്കുന്നതിനായി ഒരു പുതിയ പദ്ധതി നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>പിന്നോക്കവിഭാഗക്കാർക്ക് വായ്പാ ധനസഹായ പരിപാടികൾ</u>

5805 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പിന്നോക്കവിഭാഗക്കാർക്ക് പുതിയ വായ്പാ ധനസഹായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) പിന്നോക്ക ക്ഷേമ കോർപ്പറേഷൻ വഴി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വിവിധ ജില്ലകളിൽ നൽകിയ വായ്പയുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

<u>ചാക്കമാർ സമുദായത്തിന് ആനുകൂല്യങ്ങൾ</u>

5806 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാക്കമാർ സമുദായത്തെ സംവരണവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ ഏതു വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്താമക്കുമോ; ഇവർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്നും വിശദമാക്കുമോ;

(ബി) ചാക്കമാർ സമുദായത്തിന് പി.എസ്.സി വഴിയുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യവും ജോലിസംവരണവും മുൻകാലങ്ങളിൽ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എന്നുവരെ ഈ ആനുകൂല്യം ലഭിച്ചിരുന്നുവെന്നും പിന്നീട് ഈ ആനുകൂല്യം ലഭിക്കാതിരുന്നതിന്റെ കാരണവും വ്യക്തമാക്കുമോ;

(ഡി) ചാക്കമാർ വിഭാഗത്തെ പട്ടികജാതി വിഭാഗത്തിൽ വീണ്ടും ഉൾപ്പെടുത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് ചാക്കമാർ മഹാസഭ സംസ്ഥാന സർക്കാരിന് നൽകിയ നിവേദനങ്ങൾ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ തീരുമാനം എടുക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക വിഭാഗങ്ങളിൽ ഒന്നായ ചാക്കമാർ വിഭാഗത്തിന് വിദ്യാഭ്യാസ ഉദ്യോഗ സംവരണങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>വിനോദ സഞ്ചാര കേന്ദ്രങ്ങളെ മാസ്റ്റർ പ്ലാനുകളിലൂടെ വികസിപ്പിക്കുവാൻ പദ്ധതി</u>

5807 ശ്രീ. ജോസഫ് വാഴക്കൻ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളെ മാസ്റ്റർ പ്ലാനുകളിലൂടെ വികസിപ്പിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

<u>മെഗാ കൾച്ചറൽ ഹബ്ബുകൾ</u>

5808 ശ്രീ. പാലോട് രവി
,, വി.ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര സാദ്ധ്യതകളെ പ്രോത്സാഹിപ്പിക്കുന്നതിന് മെഗാ കൾച്ചറൽ ഹബ്ബുകൾ ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

<u>ആയുർവേദ ചികിത്സാ ടൂറിസം</u>

5809 ശ്രീ. വർക്കല കഹാർ
,, എം.എ വാഹീദ്
,, അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ, ആയൂർവേദ ചികിൽസാ കേന്ദ്രമാക്കാൻ വിനോദ സഞ്ചാര വകുപ്പ് എന്തെല്ലാം ഒരുക്കങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ലോകപൈതൃക കേന്ദ്രമായി യുനെസ്കോ അംഗീകരിച്ച പശ്ചിമ ഘട്ടത്തെ മുൻനിർത്തി സംസ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ആയുർവ്വേദ രംഗത്തെ തൊഴിലാളികളെ പ്രചാരണ പരിപാടികളിൽ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ടൂറിസം ഡയറക്ടറേറ്റ് പിൻ അപ് ബോർഡും സ്റ്റാന്റും വാങ്ങിയതിലുള്ള അഴിമതിയെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം</u>

5810 ശ്രീ.കെ. സുരേഷ് കുറുപ്പ്
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കെ. നാരായണൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഡയറക്ടറേറ്റ് പിൻ അപ് ബോർഡും സ്റ്റാന്റും വാങ്ങിയതിലുള്ള അഴിമതിയെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം വിശദമാക്കാമോ;

(ബി) അഴിമതികാട്ടിയെന്ന് ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാട്ടിയ ഉദ്യോഗസ്ഥർ ആരാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടി എന്തെന്നും അറിയിക്കുമോ;

(സി) ഇതേ ഉദ്യോഗസ്ഥർ തന്നെ കനകക്കുന്നിൽ സ്ഥാപിച്ചിരിക്കുന്ന ഏറ്റവും ഉയരമുള്ള കൊടിമരത്തിലെ ദേശീയപതാകയോട് അനാദരവ് കാണിച്ചെന്നും, ദേശീയ പതാക വാങ്ങുന്നതിലും അഴിമതി കാണിച്ചതായും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടോ;

(ഡി) കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; നടപടിയെടുത്തിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ?

**കേരള നിയമസഭ**

02.07.2014-ലെ മറുപടിക്ക്

<u>സഞ്ചാരികളുടെ താമസസൗകര്യത്തിനായി ഡാറ്റാബേസ്</u>

5811

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ്, സഞ്ചാരികളുടെ താമസസൗകര്യത്തിനായി ഡാറ്റാബേസ് തയ്യാറാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ടൂറിസം വികസനത്തിനും സഞ്ചാരികൾക്ക് താമസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

ഓഫ് സീസൺ സമയത്ത് സഞ്ചാരികളുടെ സന്ദർശനം കുറയുന്നത് പരിഹരിക്കാൻ ടൂറിസം പദ്ധതി

5812 ശ്രീ.പി. എ. മാധവൻ
,, സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി – പിന്നോക്ക സമുദായ ക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഓഫ് സീസൺ സമയത്ത് സഞ്ചാരികളുടെ സന്ദർശനം കുറയുന്നത് പരിഹരിക്കാൻ ടൂറിസം വകുപ്പ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കേരള ടൂറിസത്തിന് എന്നും സീസണായി മാറ്റുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുളളതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

<u>കേന്ദ്രസഹായത്തോടുകൂടിയ മെഗാ ടൂറിസം പദ്ധതികൾ</u>

5813 ഡോ. ടി.എം. തോമസ് ഐസക്ക്
ശ്രീ. എ.എം. ആരിഫ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച കേന്ദ്രസഹായത്തോടുകൂടിയ മെഗാ ടൂറിസം പദ്ധതികൾ ഏതൊക്കെയായിരുന്നു;അവയിൽ നടപ്പിലാക്കിയവ ഏതൊക്കെ;

(ബി) ആലപ്പുഴ, വയനാട് ജില്ലകളിൽ മെഗാ ടൂറിസം പ്രോജക്ട് പ്രഖ്യാപിച്ചിരുന്നോ;

(സി) പ്രസ്തുത പ്രോജക്ടുകളുടെ വിശദാംശം അറിയിക്കാമോ; അവയുടെ നിലവിലെ സ്ഥിതിയെന്താണ്;

(ഡി) ഇവയോരോന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;ഓരോന്നിനുമായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചെന്നും അറിയിക്കാമോ?

# കേരള നിയമസഭ

02.07.2014–ലെ മറുപടിക്ക്

വിനോദസഞ്ചാര പ്രവര്‍ത്തനങ്ങള്‍

5814 ശ്രീ. പി. സി. ജോര്‍ജ്
ഡോ. എന്‍. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിന്‍
,, എം. വി. ശ്രേയാംസ്‌കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി – പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വിനോദ സഞ്ചാര പ്രവര്‍ത്തനങ്ങള്‍ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയില്‍ വരുത്തിയിട്ടുള്ള സ്വാധീനം എത്രത്തോളമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) പ്രസ്തുത മേഖലയില്‍ സംസ്ഥാനത്തിന്റെ വിഹിതം മുന്‍വര്‍ഷങ്ങളെ അപേക്ഷിച്ച് വര്‍ദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കാമോ;

(സി) പ്രസ്തുത മേഖലയില്‍ കൂടുതല്‍ നിക്ഷേപം നടത്താന്‍ സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലും ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

<u>ഇക്കോടൂറിസം പദ്ധതികൾ</u>

5815 ശ്രീ. കെ. മുരളീധരൻ
,, വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇക്കോടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുളളതെന്ന് വിശദമാക്കാമോ;

(ബി) നിലവിലുളള ഇക്കോടൂറിസം പദ്ധതികൾ പുനരുദ്ധരിക്കുന്നതിനുളള നടപടികൾ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

<u>ഇക്കോ ടൂറിസം പദ്ധതി</u>

T5816 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) വനങ്ങളിലും സംരക്ഷിത പ്രദേശങ്ങളിലും പദ്ധതിയുടെ ഭാഗമായുള്ള സംയുക്ത വനപരിപാലനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

<u>ഇക്കോ ടൂറിസം പദ്ധതികൾ</u>

5817 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ ഇക്കോ ടൂറിസം പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലങ്ങൾ ഉണ്ടോയെന്ന് ടൂറിസം ഡിപ്പാർട്ട്മെന്റ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്നും എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

## കേരള നിയമസഭ

02.07.2014-ലെ മറുപടിക്ക്

നാദാപുരം, ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി

5818 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലുള്ള മരുതോങ്കര ഗ്രാമ പഞ്ചായത്തിലെ ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനത്തിനായി ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) എന്തൊക്കെ സൗകര്യങ്ങളാണ് പൊതുജനങ്ങൾക്കായി അവിടെ ഒരുക്കിയിട്ടുള്ളത്;

(സി) ഇക്കോ ടൂറിസം പദ്ധതിയിലൂടെ എത്ര രൂപയാണ് പ്രതിമാസം വരുമാനയിനത്തിൽ പ്രതീക്ഷിക്കുന്നത് ?

**കേരള നിയമസഭ**

02.07.2014-ലെ മറുപടിക്ക്

<u>ഗോഡ്സ് - ഓൺ കൺട്രി - പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി</u>

5819 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗോഡ്സ് ഓൺ കൺട്രി - പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>അനധികൃത ആയൂർവേദ പഞ്ചകർമ്മ സെന്ററുകൾ</u>

5820 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മസ്സാജുൾപ്പെടെയുള്ള സുഖ ചികിത്സകൾ നടത്തുന്ന ആയൂർവേദ പഞ്ചകർമ്മ സെന്ററുകൾക്ക് ലൈസൻസ് ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇത്തരം മസ്സാജു സെന്ററുകൾ അനധികൃതമായി പ്രവൃത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലൈസൻസുള്ള എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) അനധികൃതമായി ഇത്തരം സെന്ററുകൾ നടത്തുന്നവർക്കെതിരെ എത്ര കേസ്സുകൾ നിലവിലുണ്ടെന്നും എന്തെല്ലാം നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; ലൈസൻസില്ലാതെ ഇത്തരം അനധികൃത സ്ഥാപനങ്ങൾ തുടങ്ങുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

'മിഷൻ 676' ൽ ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പിനു കീഴിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് അനുവദിച്ച തുക

5821 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മിഷൻ 676' ൽ ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പിനു കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ഗ്രാമീണ വാട്ടർ ടൂറിസം വികസനത്തിനായി പദ്ധതികൾ</u>

5822 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ വാട്ടർ ടൂറിസം വികസനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) അടൂർ നിയോജകമണ്ഡലത്തിൽ പള്ളിക്കൽ പഞ്ചായത്തിലെ പള്ളിക്കൽ ആറാട്ടുചിറ കേന്ദ്രീകരിച്ച് ഒരു ഗ്രാമീണ വാട്ടർ ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തയ്യാറാകുമോ ;

(സി) എങ്കിൽ ആയതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ഡി.റ്റി.പി.സി.യുടെ കീഴിൽ നിലവിലുള്ള പ്രോജക്ടുകൾ</u>

5823

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡി.റ്റി.പി.സി.യുടെ കീഴിൽ നിലവിലുള്ള പ്രോജക്ടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഡി.റ്റി.പി.സി.യുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഏതെല്ലാം ടൂറിസം സെന്ററുകളിൽ ഇപ്പോൾ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്; ഓരോ പ്രവൃത്തിക്കും എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും വിശദമാക്കാമോ;

(സി) ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുവാൻ നിശ്ചയിച്ചിട്ടുള്ള കാലയളവ് എത്രയാണെന്നും ഓരോ പ്രവൃത്തിയുടെയും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ</u>

5824 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മലപ്പുറം ജില്ലയിൽ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ കനോലി കനാൽ കേന്ദ്രീകരിച്ച് എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>ചേലക്കര മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>

5825 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ നടപ്പിലാക്കുവാൻ അനുയോജ്യമായ ഏതെല്ലാം പദ്ധതികളാണ് വിനോദസഞ്ചാരവകുപ്പിനു മുന്നിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളതെന്ന് പറയാമോ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് സമർപ്പിക്കപ്പെട്ട ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) സമർപ്പിക്കപ്പെട്ട പദ്ധതികൾ പരിശോധിക്കാത്തതുകൊണ്ടാണോ അതോ പരിഗണനാർഹമല്ലെന്ന് ഏതെങ്കിലും തലത്തിൽ കണ്ടെത്തിയതുകൊണ്ടാണോ അംഗീകരിക്കപ്പെടാത്തതെന്ന് പറയാമോ;

(ഇ) വിനോദസഞ്ചാര വികസനത്തിന് ഏറെ സാധ്യതയുണ്ടെന്ന് തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും ഇതര ഏജൻസികളും കണ്ടെത്തി തയ്യാറാക്കി സമർപ്പിച്ചിട്ടുളള പദ്ധതികൾ അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലകൾ</u>

5826 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയായി വികസിപ്പിക്കാൻ സാധ്യതയുള്ള ഏതൊക്കെ സ്ഥലങ്ങളാണ് ഡി. റ്റി. പി. സി. യും ടൂറിസം ഡിപ്പാർട്ടുമെന്റും കണ്ടെത്തിയത് എന്ന് വിശദമാക്കാമോ;

(ബി) ഈ സ്ഥലങ്ങളെ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ പദ്ധതി തയ്യാറാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ബീച്ചിലെ അക്വേറിയം</u>

5827 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ചിൽ അക്വേറിയം നിർമ്മാണത്തിനായി ഡി.റ്റി.പി.സി ക്ക് എത്ര രൂപയാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ ;

(ബി) ഈ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) അക്വേറിയം പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തുവോ എന്ന് വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ ചുനക്കര വെട്ടിക്കോട്ട് ചാൽ നവീകരണം</u>

5828 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചുനക്കര വെട്ടിക്കോട്ട് ചാൽ നവീകരിച്ച് വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിനായി എം.എൽ.എ യുടെ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇതിന്റെ ഫയൽ നമ്പർ ലഭ്യമാക്കുമോ; വെട്ടിക്കോട്ട് ചാൽ നവീകരണത്തിനുള്ള തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പയ്യാങ്കര ചിറ (മാവേലിക്കര) പദ്ധതിക്ക് ലഭ്യമായ കേന്ദ്രസംസ്ഥാന സഹായം എത്രയെന്ന് വ്യക്തമാക്കുമോ; എത്ര രൂപയുടെ പ്രവർത്തനങ്ങൾ നടന്നുവെന്ന് വിശദമാക്കുമോ; പ്രവൃത്തി എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

## സായ്ഗ്രാമത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

5829

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ചിറയിൻകീഴ് മണ്ഡലത്തിലെ സായ്ഗ്രാമത്തിൽ ടൂറിസം വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചു; ഇതിനായി നീക്കിവച്ചിട്ടുള്ള തുക പദ്ധതി തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇവിടെ ടൂറിസം വകുപ്പിൽ നിന്നും പ്രസ്തുത കാലയളവിൽ ആകെ ചെലവഴിച്ച തുക എത്രയാണ്?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 23.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.